പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2908

13-03-2018 ൽ മറുപടിക്ക്

**അഗ്രോ സർവ്വീസ് സെന്ററുകൾ**

ചോദ്യം
ശ്രീ. അബ്ദുൾ ഹമീദ്.പി

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് 70 അഗ്രോസർവ്വീസ് സെന്ററുകൾ ആരംഭിച്ച് പ്രവർത്തിക്കുന്നുണ്ട്. 2017-18 വർഷത്തിൽ 14 അഗ്രോസർവ്വീസ് സെന്ററുകൾ ആരംഭിക്കുന്ന തിനുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു. അഗ്രോസർവ്വീസ് സെന്ററുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | നിലവിൽ അഗ്രോ സർവ്വീസ് സെന്ററുകൾ വഴി നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | കാർഷികമേഖലയിലെ തൊഴിലാളികളുടെ കുറവ് പരിഹരിക്കുക, കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക, തൊഴിലാളികളുടെ കുറവ് മൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുക, കാർഷികമേഖലയിലെ ഉത്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്.<br>കർഷകതൊഴിലാളി ക്ഷാമം പരിഹരിക്കുവാൻ അഗ്രോസർവ്വീസ് സെന്ററുകളുടെ പ്രവർത്തനം സഹായകരമാണ്. അഗ്രോസർവ്വീസ് സെന്ററുകൾ വഴി വിവിധ കൃഷിപ്പണികളിൽ യന്ത്രങ്ങളുടെയും ടെക്നീഷ്യന്റെയും സേവനം ലഭിക്കും. കാർഷിക യന്ത്രങ്ങൾ സേവനകേന്ദ്രത്തിൽ ലഭ്യമാണ്. അവ ഉപയോഗിച്ച് കർഷകർക്ക് സേവനം നൽകുകയും തൊഴിലാളി ക്ഷാമം പരിഹരിക്കുകയും ചെയ്യുന്നു. നിലം ഒരുക്കൽ, മരുന്നുതളി, വിളവെടുപ്പ് എന്നീ പണികൾക്ക് അഗ്രോസർവ്വീസ് സെന്ററുകളിലെ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുന്നു. ഓരോ അഗ്രോസർവ്വീസ് സെന്ററുകളിലും വിദഗ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യൻമാർ ഇതിനായി പ്രവർത്തിക്കുന്നു. അഗ്രോസർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങൾക്ക് പുറമെ കാർഷിക വികസനത്തിന് ആവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവവളം തുടങ്ങിയ ഉത്പാദനോപാധികളുടെ ഉത്പാദനം, വിതരണം എന്നീ സേവനങ്ങൾ കൂടാതെ കൃഷിപ്പണികൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുക |

| | | | |
|---|---|---|---|
| | | | തുടങ്ങിയ സേവനങ്ങളും അഗ്രോസർവ്വീസ് സെന്ററുകൾ മുഖേന കർഷകർക്ക് നൽകി വരുന്നു.<br>ട്രാക്ടർ, തെങ്ങുകയറ്റ യന്ത്രം, വീഡ് കട്ടർ, പവർ സ്പ്രെയർ, ഡ്രൈയർ, പമ്പ് സെറ്റ്, പവർടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവനകേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്രസാമഗ്രികൾ റിപ്പയർ ചെയ്ത് കൊടുക്കുകയും ചെയ്യുന്നു. |
| (സി) | അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | അഗ്രോസർവ്വീസ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. യന്ത്രങ്ങളുടെ റിപ്പയർ, പ്രവർത്തനങ്ങളുടെ പരിശീലനം, എന്നിവ നൽകുന്നതിലേക്കായി കണ്ണൂർ, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിൽ റീജിയണൽ ഫാം ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ അഗ്രോസർവ്വീസ് സെന്റർ, കാർഷിക കർമ്മസേന എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും റിട്ടയർ ചെയ്ത പ്രൊഫസർ ഡോ. യു. ജയ് കുമാരനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അപെക്സ് ബോഡി ഉടനെ രൂപീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | ജില്ല | എണ്ണം | | വർഷം | നം. | അഗ്രോസർവ്വീസ് സെന്റർ |
|---|---|---|---|---|---|---|
| | | പ്രവർത്തനം തുടങ്ങിയത് 2012-13 to 2016-17 | 2017-18 പ്രവർത്തനം തുടങ്ങാനുള്ളവ | | | |
| 1 | തിരുവനന്തപുരം | 3 | 2 | 2012-13 | 1 | പാറശ്ശാല |
| | | | | 2012-13 | 2 | കഴക്കൂട്ടം |
| | | | | 2017-18 | 3 | ആറ്റിങ്ങൽ |
| | | | | 2017-18 | 4 | കിളിമാനൂർ |
| | | | | 2017-18 | 5 | നെടുമങ്ങാട് |
| 2 | കൊല്ലം | 4 | 1 | 2012-13 | 6 | ചടയമംഗലം |
| | | | | 2012-13 | 7 | പത്തനാപുരം |
| | | | | 2014-15 | 8 | ചാത്തന്നൂർ |
| | | | | 2015-16 | 9 | വെട്ടിക്കവല |
| | | | | 2017-18 | 10 | അഞ്ചൽ |
| 3 | പത്തനംതിട്ട | 4 | | 2012-13 | 11 | കോന്നി |
| | | | | 2012-13 | 12 | റാന്നി |
| | | | | 2014-15 | 13 | അടൂർ |
| | | | | 2015-16 | 14 | തിരുവല്ല |
| 4 | ആലപ്പുഴ | 6 | 1 | 2012-13 | 15 | ചെങ്ങന്നൂർ |
| | | | | 2012-13 | 16 | കായംകുളം |
| | | | | 2014-15 | 17 | കഞ്ഞിക്കുഴി |
| | | | | 2015-16 | 18 | കത്തിയതോട് |
| | | | | 2015-16 | 19 | ചമ്പക്കുളം |
| | | | | 2016-17 | 20 | ചേർത്തല,വെട്ടക്കൽ |
| | | | | 2017-18 | 21 | അമ്പലപ്പുഴ |
| 5 | ഇടുക്കി | 4 | 1 | 2012-13 | 22 | ഇടുക്കി |
| | | | | 2012-13 | 23 | തൊടുപുഴ |
| | | | | 2014-15 | 24 | അടിമാലി |

| | | | | | | |
|---|---|---|---|---|---|---|
| | | | | 2015-16 | 25 | നെടുങ്കണ്ടം |
| | | | | 2017-18 | 26 | കട്ടപ്പന |
| 6 | കോട്ടയം | 4 | 1 | 2012-13 | 27 | ഉഴവൂർ |
| | | | | 2012-13 | 28 | കോട്ടയം |
| | | | | 2014-15 | 29 | കടുത്തുരുത്തി |
| | | | | 2015-16 | 30 | മടപ്പള്ളി |
| | | | | 2017-18 | 31 | കാഞ്ഞിരപ്പള്ളി |
| 7 | തൃശ്ശൂർ | 8 | 3 | 2012-13 | 32 | ഇരിങ്ങാലക്കുട |
| | | | | 2012-13 | 33 | വടക്കാഞ്ചേരി |
| | | | | 2012-13 | 34 | പഴയന്നൂർ |
| | | | | 2014-15 | 35 | മാള |
| | | | | 2015-16 | 36 | ചാലക്കുടി |
| | | | | 2015-16 | 37 | ചൊവ്വന്നൂർ |
| | | | | 2015-16 | 38 | കൊടകര |
| | | | | 2015-16 | 39 | മതിലകം |
| | | | | 2016-17 | 40 | ഒല്ലൂക്കര |
| | | | | 2016-17 | 41 | അന്തിക്കാട് |
| | | | | 2017-18 | 42 | വെള്ളാങ്ങല്ലൂർ |
| 8 | എറണാകുളം | 5 | | 2012-13 | 43 | കോതമംഗലം |
| | | | | 2012-13 | 44 | പിറവം |
| | | | | 2012-13 | 45 | ആലങ്ങാട് |
| | | | | 2014-15 | 46 | മൂവാറ്റുപുഴ |
| | | | | 2015-16 | 47 | അങ്കമാലി |
| 9 | പാലക്കാട് | 3 | 1 | 2012-13 | 48 | പട്ടാമ്പി |
| | | | | 2012-13 | 49 | മലമ്പുഴ |
| | | | | 2016-17 | 50 | കുഴൽമന്ദം |
| | | | | 2017-18 | 51 | ആലത്തൂർ |
| 10 | മലപ്പുറം | 3 | | 2012-13 | 52 | പെരിന്തൽമണ്ണ |
| | | | | 2012-13 | 53 | പെരുമ്പടപ്പ് |
| | | | | 2012-13 | 54 | കുറ്റിപ്പുറം |
| 11 | വയനാട് | 4 | | 2012-13 | 55 | കൽപ്പറ്റ |
| | | | | 2012-13 | 56 | മാനന്തവാടി |
| | | | | 2012-13 | 57 | സുൽത്താൻബത്തേരി |
| | | | | 2014-15 | 58 | പനമരം |

| | | | | | | |
|---|---|---|---|---|---|---|
| 12 | കോഴിക്കോട് | 8 | 3 | 2012-13 | 59 | പേരാമ്പ്ര |
| | | | | 2012-13 | 60 | മേലടി |
| | | | | 2012-13 | 61 | കുന്നുമ്മൽ |
| | | | | 2012-13 | 62 | തിരുവമ്പാടി |
| | | | | 2014-15 | 63 | കൊയിലാണ്ടി |
| | | | | 2015-16 | 64 | ചേളന്നൂർ |
| | | | | 2015-16 | 65 | തോടന്നൂർ |
| | | | | 2015-16 | 66 | വടകര |
| | | | | 2016-17 | 67 | കോക്കൂർ |
| | | | | 2017-18 | 68 | കോഴിക്കോട് |
| | | | | 2017-18 | 69 | തൂണേരി |
| 13 | കണ്ണൂർ | 10 | 1 | 2012-13 | 70 | കൂത്തുപറമ്പ് |
| | | | | 2012-13 | 71 | ഇരിക്കൂർ |
| | | | | 2012-13 | 72 | പയ്യന്നൂർ |
| | | | | 2014-15 | 73 | കല്യാശ്ശേരി |
| | | | | 2014-15 | 74 | തളിപ്പറമ്പ് |
| | | | | 2014-15 | 75 | എടക്കാട് |
| | | | | 2014-15 | 76 | പിണറായി |
| | | | | 2015-16 | 77 | ന്യൂ മാഹി |
| | | | | 2016-17 | 78 | വേങ്ങാട് |
| | | | | 2016-17 | 79 | ഏരഞ്ഞോളി |
| | | | | 2017-18 | 80 | മയ്യിൽ |
| 14 | കാസർഗോഡ് | 4 | | 2012-13 | 81 | നീലേശ്വരം |
| | | | | 2012-13 | 82 | മഞ്ചേശ്വരം |
| | | | | 2014-15 | 83 | കാഞ്ഞങ്ങാട് |
| | | | | 2016-17 | 84 | പരപ്പ |

Jessy Rose
സെക്ഷൻ ഓഫീസർ